**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2793** **14-09-2023 - ൽ മറുപടിയ്ക്ക്**

**കൈത്തറി തൊഴിലാളികൾക്ക് തൊഴിൽ ഉറപ്പുവരുത്തുന്നതിന് നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ഡോ. കെ. ടി. ജലീൽ | | ശ്രീ. പി. രാജീവ്<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തെ കൈത്തറി തൊഴിലാളികൾക്ക് തൊഴിൽ ഉറപ്പ് വരുത്തുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; | (എ) | സ്വീകരിച്ചിട്ടുണ്ട്. |
| (ബി) | എങ്കിൽ എന്തെല്ലാമാണെന്ന് വിശദമാക്കാമോ? | (ബി) | സംസ്ഥാനത്തെ കൈത്തറി തൊഴിലാളികൾക്ക് തൊഴിൽ ഉറപ്പ് വരുത്തുന്നതിന് വേണ്ടി നടപ്പിലാക്കി വരുന്ന പ്രധാന പദ്ധതികൾ ചുവടെ ചേർക്കുന്നു.<br><br>**1)ഇൻകം സപ്പോർട്ട് സ്കീം**<br><br>ഒരു ദിവസം 75 രൂപയ്ക്കും, 100 രൂപയ്ക്കും ഇടയിൽ വരുമാനം ലഭിക്കുന്ന നെയ്ത്ത് തൊഴിലാളി കൾക്ക് അവരുടെ ദിവസ വേതനം 150 രൂപയായി നൽകുന്നതിന് നടപ്പിലാക്കി വരുന്ന പദ്ധതിയാണ് ഇൻകം സപ്പോർട്ട് സ്കീം. ഒരു വർഷം 100 ദിവസങ്ങളിലേക്കാണ് ഈ പദ്ധതി ആനുകൂല്യം ലഭിക്കുക. 2022-23 സാമ്പത്തിക വർഷം 86,45,000/- രൂപ ഈ പദ്ധതിക്കായി അനുവദിക്കുകയുണ്ടായി.<br><br>**2)സൗജന്യ കൈത്തറി സ്കൂൾ യൂണിഫോം പദ്ധതി**<br><br>കൈത്തറി മേഖലയുടെ ഉന്നമനം ലക്ഷ്യമാക്കി സർക്കാർ നടപ്പിലാക്കി വരുന്ന പദ്ധതിയാണ് സൗജന്യ കൈത്തറി സ്കൂൾ യൂണിഫോം പദ്ധതി. നിലവിൽ 6222നെയ്ത്തുകാരും ഏകദേശം 1600 അനുബന്ധ തൊഴിലാളികളും പദ്ധതിയുടെ ഭാഗമായി പ്രവർത്തിക്കുന്നു. നെയ്ത്തുകാർക്ക് കൂടുതൽ തൊഴിൽ ദിനങ്ങളും, അധിക വരുമാനവും ലഭ്യമാക്കുവാൻ ഈ പദ്ധതി നടപ്പിലാക്കുന്നതിലൂടെ സാധിച്ചിട്ടുണ്ട്. പദ്ധതിയുടെ ആരംഭഘട്ടം മുതൽ ഇതുവരെ 317.49 കോടി രൂപ നെയ്ത്ത് കൂലിയായി വിതരണം ചെയ്തിട്ടുണ്ട്. ഈ പദ്ധതി നടപ്പാക്കിയതിലൂടെ കൂടുതൽ നെയ്ത്തുകാരെ ഈ മേഖലയിലേക്ക് ആകർഷിക്കുന്നതിനും സാധിച്ചിട്ടുണ്ട്. |

| | | | |
|---|---|---|---|
| | | | 3)<u>നെയ്ത്തുകാർക്കും അനുബന്ധ തൊഴിലാളികൾക്കുമുള്ള പ്രോത്സാഹന പരിപാടി (പ്രൊഡക്ഷൻ ഇൻസെൻറീവ് സ്കീം)</u><br><br>ജോലിയുടെ ശാസ്ത്രീയമായ മൂല്യനിർണ്ണയത്തിന്റെ അടിസ്ഥാനത്തിൽ അധികമായി ചെയ്യുന്ന ജോലിക്കനുസരിച്ച് ആനുകൂല്യങ്ങൾ ലഭ്യമാക്കിയും, വാർഷിക വിറ്റുവരവിന്റെ അടിസ്ഥാ നത്തിലും, അംഗീകൃത മാർഗ്ഗ നിർദ്ദേശപ്രകാരവും നെയ്ത്തുകാർക്കും അനുബന്ധ തൊഴിലാളി കൾക്കും പ്രോത്സാഹനം നൽകി ഉല്പാദനക്ഷമത മെച്ചപ്പെടുത്തുക എന്നതാണ് ഈ പദ്ധതി യുടെ ലക്ഷ്യം. 2022-23 സാമ്പത്തിക വർഷം 400 ലക്ഷം രൂപ ഈ പദ്ധതിക്കായി അനുവദിക്കുകയുണ്ടായി. വിവിധ ജില്ലകളിലായി 3000 ത്തിലധികം ഗുണഭോക്താക്കൾക്ക് ഈ പദ്ധതിയുടെ ആനുകൂല്യം ലഭിച്ചിട്ടുണ്ട്. 2023-24 സാമ്പത്തിക വർഷം പ്രസ്തുത പദ്ധതിയ്ക്കായി 450 ലക്ഷം രൂപ ബഡ്ജറ്റ് വിഹിതമായി വകയിരുത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ